"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്-കോഴിക്കോട് ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമായുള്ള ഫ്ലാറ്റ്/ ക്വാർട്ടേഴ്സ് പദ്ധതി- തുക റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10/2026/HSG തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. സ. ഉ. (സാധാ) നം. 52/2020/ഭവനം തീയതി 22.12.2020.
2. സ. ഉ. (സാധാ) നം. 14/2023/ഭവനം തീയതി 22.02.2023.
3. സ. ഉ. (സാധാ) നം. 34/2025/ഭവനം തീയതി 23.07.2025.
4. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 02.12.2025-ലെ KSHB-HO/380/2025-AF1 നമ്പർ കത്ത്.
5. സ. ഉ. (സാധാ) നം. 2087/2026/ധന തീയതി 28.02.2026.

**ഉത്തരവ്**

2020-21 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 4216-80-201-94 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 4 കോടി രൂപ വിനിയോഗിച്ച് കോഴിക്കോട് ജില്ലയിൽ "സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കും ഫ്ലാറ്റ് /ക്വാർട്ടേഴ്സ് പദ്ധതി" നടപ്പിലാക്കുവാൻ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതിയ്ക്ക് പരാമർശം (2)ഉം (3) ഉം ഉത്തരവുകൾ പ്രകാരം യഥാക്രമം 134.57 ലക്ഷം രൂപയും 213.42 ലക്ഷം രൂപയും അനുവദിച്ചിരുന്നു. മേൽ തുകകൾ പൂർണ്ണമായും വിനിയോഗിച്ച സാക്ഷ്യപത്രം സഹിതം പദ്ധതിയുടെ Fire Fighting Works-ന്റെ CC I & പാർട്ട് ബിൽ തുകയായ 4,38,450/- രൂപയും പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനായി ആവശ്യമായ തുകയായ 12,30,724/- രൂപയും ചേർത്ത് ആകെ 16,69,174/- രൂപ (പതിനാറ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി നൂറ്റി എഴുപത്തി നാല് രൂപ മാത്രം) റിലീസ് ചെയ്യു നല്കണമെന്ന് ബോർഡ് സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവന ബോർഡിന് "4216-80-201-94-00-00-00-PV" എന്ന ശീർഷകത്തിൽ പരാമർശം (5) പ്രകാരം അധിക ധനാനുമതിയായി 16,70,000/- രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമായുള്ള ഫ്ലാറ്റ്/ ക്വാർട്ടേഴ്സ് പദ്ധതിയുടെ Fire Fighting Works-ന്റെ CCI & പാർട്ട് ബിൽ തുകയായ 4,38,450/- രൂപയും , പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനായി ആവശ്യമായ തുകയായ 12,30,724/- രൂപയും ചേർത്ത് ആകെ 16,69,174/- രൂപ (പതിനാറ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി നൂറ്റി

എഴുപത്തി നാല് രൂപ മാത്രം) "4216-80-201-94-00-00-00-PV" എന്ന ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. 16/04/2018-ലെ സ.ഉ.(പി) നം.62/2018/ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09/12/2008-ലെ സർക്കുലർ 84/2008/ധനയും 30/01/2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പായി ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
3. ധനകാര്യ (പി.യു.സി) വകുപ്പ് (1713946/PU-C3/25/2021-FIN dated 02.03.2026)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Krishnakumar S
Date: 04-03-2026 15:55:35

സെക്ഷൻ ഓഫീസർ